Sunday
Vol. 14 No. 24 CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2025 മെയ് 04

## പെസഹാക്കാലം മൂന്നാം ഞായർ

# ക്രിസ്തുവിൽ ആയിരിക്കുന്നവർ പുതിയ സൃഷ്ടിയാണ്

ഫാ. ഷാജൻ ജോസഫ് കുന്നുങ്കൽത്തറ PMI



**കൂ**ടെ ഉണ്ടായിരുന്ന ദൈവീക സാന്നിധ്യം, ദൈവാനുഭവം, ദൈവീക കൃപകൾ എന്നിവ നഷ്ടമാകുമ്പോഴാണ് മനുഷ്യൻ അവന്റെ പഴയ ജീവിത ശൈലികൾ തേടുന്നതും, അതിനെ കൂട്ടുപിടിക്കുന്നതും. ഉപേക്ഷിച്ചു പോന്ന പഴയ ജീവിതവസന്തത്തിലേക്ക് തിരികെ പോകുവാൻ ഒരുങ്ങുകയാണ് പത്രോസ്. ദൈവീക സാന്നിധ്യം നൽകുന്ന വെട്ടം ജീവിതത്തിൽ നിലച്ചു പോയിട്ടും ക്രിസ്തുവിനോട് ചേർന്നുനിന്നവരുടെ മഹത്വവും സുവിശേഷം വരച്ചു കാണിക്കുന്നുണ്ട്. പഴയ നിയമ പുസ്തകത്തിലെ ജോബ്, തന്റെ ശരീരം മുഴുവൻ വ്രണങ്ങളാൽ നിറഞ്ഞപ്പോഴും ദൈവസന്നിധിയിൽ നിശ്ശബ്ദനായി നിലകൊണ്ട വീരനാണ് അദ്ദേഹം. ദൈവത്തെ ചോദ്യം ചെയ്യാൻ ഞാൻ ആരാണ്? എന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. താനൊരു വട്ടപ്പൂജ്യമാണെന്ന ബോധ്യം അദ്ദേഹം കാത്തുസൂക്ഷിച്ചു. കൂടെയുള്ള ദൈവിക മഹത്വം നഷ്ടമാകുമ്പോഴാണ് മനുഷ്യൻ ഒരിക്കൽ താൻ ഉപേക്ഷിച്ചു പോന്ന പഴയ വഴിയിലേക്ക് തന്നെ തിരികെ നടക്കുന്നത്. ക്രിസ്തുവിന്റ മരണം ശിഷ്യൻമാരിൽ ഉണ്ടാക്കിയത് അത്തരമൊരു ചിന്ത തന്നെയാണ്. അതുകൊണ്ടാണ് പത്രോസിനോടൊപ്പം മീൻ പിടിക്കാനായി മറ്റുള്ളവരും ഇറങ്ങിത്തിരിക്കുന്നത്. ജീവിതത്തിൽ പ്രതീക്ഷ നഷ്ടമായ ഒരു ജനതയുടെ പ്രതിനിധിയാണ് പത്രോസ്. ഉപേക്ഷിച്ചു വന്ന ജീവിത സായാഹ്നത്തിലേക്ക് അദ്ദേഹം വീണ്ടും പ്രവേശിക്കുവാൻ ഒരുങ്ങുന്നു. അന്ധകാരം നിറഞ്ഞ ചുറ്റുപാടുകളോ, സാഹചര്യങ്ങളോ ആയിരിക്കാം അവരുടെ ആന്തരിക കാഴ്ചകളെ യേശുക്രിസ്തുവിൽ നിന്നും മറച്ചത്. അതുകൊണ്ട് തന്നെ മനുഷ്യ ജീവിതം ക്രമീകരിക്കേണ്ടത് മൂന്ന് ലക്ഷ്യങ്ങളെ മുൻനിർത്തിയാവണം.

**1. നമ്മുടെ അനുഭവ പരിചയം പരാജയപ്പെടുമ്പോഴെല്ലാം ദൈവത്തിലേക്ക് തിരിയുക:** തൊഴിൽ മേഖലകളിലും, ഉത്തരവാദിത്വങ്ങളിലും അനുഭവങ്ങൾ ഒത്തിരി കാര്യം നമ്മെ പഠിപ്പിക്കുന്നുണ്ട്. ആത്മവിശ്വാസത്തോടെ എല്ലാം ചെയ്യാമെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ എത്ര പരിചയവും, അനുഭവവുമുണ്ടെങ്കിലും ചില വേളകളിൽ ഇവയൊന്നും ഫലപ്രദമാകാതെ വരും. അപ്പോൾ ദൈവത്തിലേക്ക് തിരിയുക. രാത്രി മുഴുവനും അധ്വാനിച്ചിട്ടും അനുഭവപാഠമുള്ളവർ പരാജയപ്പെട്ടു. കാരണം അവരുടെ അധ്വാനത്തിൽ അവരോടൊപ്പം യേശുക്രിസ്തു ഇല്ലാതെ പോയി എന്നതാണ്. ഒരുക്കമില്ലാതെയും, പ്രാർത്ഥന കൂടാതെയും, ദൈവവിചാരമില്ലാതെയുമുള്ള നമ്മുടെ പ്രയത്നങ്ങൾ പരാജയപ്പെടാം. അതുകൊണ്ട് പരാജയം മുന്നിൽ കാണുന്ന അവസരങ്ങളിലെല്ലാം ദൈവത്തിലേക്ക് തിരിയുക. യേശുവിലേക്ക് തിരിയുക വഴി നമ്മുടെ ജീവിതം ക്രമപ്പെടുത്താൻ നമുക്ക് സാധിക്കും.

**2. ദൈവത്തെ ഭയഭക്തിപൂർവ്വം സമീപിക്കുക:** ഉത്ഥാനം ചെയ്ത യേശുവിന്റ വെളിച്ചം അന്ധകാരത്തെ അകറ്റുന്നതാണ്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണ് ദൈവഭയം. ദൈവത്തെ ബഹുമാനിക്കാനും, മുറിപ്പെടുത്താതിരിക്കുവാനും ദൈവഭയം നമ്മെ സഹായിക്കും. ദൈവഭയം ജ്ഞാനത്തിന്റെ ഉറവിടമാണ്. അപ്പോസ്തലന്മാർ കർത്താവിനോട് ഒന്നും ചോദിക്കാൻ ധൈര്യപ്പെട്ടില്ല. കർത്താവിനോടുള്ള ഭയമാണ് നമ്മെ ധീരസാക്ഷികളാക്കുന്നത്. വലതുവശത്തേക്ക് വലയിറക്കുക എന്ന വാക്കുകൾക്ക് മുൻപിൽ ദൈവഭയത്തോടെ അവയെ അനുസരിക്കുകയും, ആശ്രയിക്കുകയും ചെയ്യുന്നത് അത്ഭുതങ്ങൾ അനുഭവിച്ചറിയുവാൻ ഇടയാക്കും.

**3. ദൈവത്തെ കൂടുതൽ സ്നേഹിക്കുക:** പ്രശ്നങ്ങൾക്കിടയിൽ ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് എങ്ങനെ പറയാനാവും. “ശിമയോനെ നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?” ഈ ചോദ്യം വളരെ പ്രസക്തമാണ്. ജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന സഹനങ്ങൾക്കും, പരാജയങ്ങൾക്കും, തടസ്സങ്ങൾക്കും, തകർച്ചകൾക്കുമിടയിൽ ദൈവത്തെ കൂടുതൽ സ്നേഹിക്കുവാൻ നീ തയ്യാറാണോ എന്നാണ് യേശുക്രിസ്തു ശിഷ്യരോടും അതോടൊപ്പം നമ്മോടും ചോദിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ തന്നെ ഏതു പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോഴും യേശുവിനെ കൂടുതൽ സ്നേഹിക്കുവാനും, ക്രിസ്തുവിലായിരിക്കുവാനും നമുക്ക് പരിശ്രമിക്കാം. അങ്ങനെ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി തീരുവാൻ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

## ആമുഖം

സ്നേഹമുള്ളവരെ, യേശു തന്റെ ഉത്ഥാനത്തിനു ശേഷം രണ്ട് പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ട് "നിങ്ങൾക്ക് സമാധാനം" എന്ന് ആശംസിച്ച് പല അധികാരങ്ങളും അവർക്ക് നൽകിപോയെങ്കിലും നിരാശ വിട്ടുപോകാതെ പഴയ തൊഴിലിലേയ്ക്ക് തിരിച്ചു പോകാൻ തീരുമാനിക്കുന്ന ശിഷ്യരെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുക. കടലിന്റെ മണവും നിറവും മാറുന്നത് തിരിച്ചറിയാൻ കഴിവുള്ള വലിയ മുക്കുവനായ പത്രോസിനും കൂട്ടർക്കും ആ രാത്രിയിൽ ഒന്നും കിട്ടിയില്ല. എങ്കിലും യേശു പറഞ്ഞപ്പോൾ പ്രത്യാശയോടെ അവർ വലയിറക്കി. അവർക്ക് ധാരാളം മത്സ്യവും ലഭിച്ചു. നമ്മുടെ ജീവിതയാത്രയിലും പല ഇരുണ്ട രാത്രികളിലൂടെയും നമുക്ക് കടന്നുപോകേണ്ടി വരാറുണ്ട്. അപ്പോഴെല്ലാം ഒരു പുത്തൻ പുലരി കൈ നിറയെ സമ്മാനങ്ങളുമായി കാത്തിരിക്കുന്നുണ്ടാകും എന്ന പ്രതീക്ഷ നമുക്കുണ്ടാകണം. അപ്പോൾ യേശുവിന്റെ സ്വരം ശ്രവിക്കുവാനും, അതനുസരിച്ച് പ്രവർത്തിക്കുവാനും നമുക്ക് സാധിക്കും. അതിനുള്ള അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങളിൽനിന്ന് (5 : 27b - 32, 40b - 41)

*(ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്; മാത്രമല്ല പരിശുദ്ധാത്മാവും സാക്ഷിയാണ്)*

അക്കാലത്ത് പ്രധാന പുരോഹിതൻ അപ്പസ്തോലന്മാരോടു പറഞ്ഞു: ക്രിസ്തുവിന്റെ നാമത്തിൽ പഠിപ്പിക്കരുതെന്നു ഞങ്ങൾ കർശനമായി കൽപിച്ചിരുന്നല്ലോ. എന്നിട്ടും, നിങ്ങൾ നിങ്ങളുടെ പ്രബോധനം കൊണ്ടു ജറുസലെം നിറച്ചിരിക്കുന്നു. ഈ മനുഷ്യൻെറ രക്തം ഞങ്ങളുടെമേൽ ആരോപിക്കാൻ നിങ്ങൾ ഉദ്യമിക്കുകയും ചെയ്യുന്നു. പത്രോസും അപ്പസ്തോലൻമാരും പ്രതിവചിച്ചു: മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്. നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കൻമാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും നൽകാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തൻെറ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്കു ദൈവം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്. അവർ അപ്പസ്തോലൻമാരെ അകത്തു വിളിച്ചു പ്രഹരിച്ചതിനുശേഷം, യേശുവിൻെറ നാമത്തിൽ സംസാരിച്ചു പോകരുതെന്നു കൽപിച്ച്, അവരെ വിട്ടയച്ചു. അവരാകട്ടെ, യേശുവിൻെറ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിൻെറ മുമ്പിൽ നിന്നു പുറത്തു പോയി. എല്ലാ ദിവസവും ദേവാലയത്തിൽവച്ചും ഭവനംതോറും ചെന്നും യേശുവാണു ക്രിസ്തു എന്നു പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അവർ വിരമിച്ചില്ല.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (30 : 1 + 3, 4 - 5, 10 + 11a + 12b)

**കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും, അവിടുന്ന് എന്നെ രക്ഷിച്ചു;**

കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും, അവിടുന്ന് എന്നെ രക്ഷിച്ചു; എൻെറ ശത്രു എൻെറമേൽ വിജയമാഘോഷിക്കാൻ ഇടയാക്കിയില്ല. കർത്താവേ, അവിടുന്ന് എന്നെ പാതാളത്തിൽനിന്നു കരകയറ്റി; മരണഗർത്തത്തിൽ പതിച്ചവരുടെയിടയിൽ നിന്ന് എന്നെ ജീവനിലേക്ക് ആനയിച്ചു.

**കർത്താവേ, ഞാനങ്ങയെ .....**

കർത്താവിൻെറ വിശുദ്ധരേ, അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ; അവിടുത്തെ പരിശുദ്ധനാമത്തിനു കൃതജ്ഞതയർപ്പിക്കുവിൻ. എന്തെന്നാൽ, അവിടുത്തെ കോപം നിമിഷനേരത്തേക്കേ ഉള്ളൂ; അവിടുത്തെ പ്രസാദം ആജീവനാന്തം നിലനിൽക്കുന്നു; രാത്രിയിൽ വിലാപമുണ്ടായേക്കാം; എന്നാൽ പ്രഭാതത്തോടെ സന്തോഷത്തിൻെറ വരവായി.

**കർത്താവേ, ഞാനങ്ങയെ .....**

കർത്താവേ, എൻെറ യാചന കേട്ട് എന്നോടു കരുണ തോന്നണമേ! കർത്താവേ, അവിടുന്ന് എന്നെ സഹായിക്കണമേ! അവിടുന്ന് എൻെറ വിലാപത്തെ ആനന്ദനൃത്തമാക്കി മാറ്റി; ദൈവമായ കർത്താവേ, ഞാനങ്ങേക്ക് എന്നും നന്ദിപറയും.

**കർത്താവേ, ഞാനങ്ങയെ .....**

## രണ്ടാം വായന

### വെളിപാടിന്റെ പുസ്തകത്തിൽനിന്ന് (5 : 11-14)

*(വധിക്കപ്പെട്ട കുഞ്ഞാട് ശക്തിയും മഹത്വവും സ്വീകരിക്കുവാൻ യോഗ്യനാണ്)*

യോഹന്നാനായ, ഞാൻ സിംഹാസനത്തിൻെറയും ജീവികളുടെയും ശ്രേഷ്ഠൻമാരുടെയും ചുറ്റും അനേകം ദൂതൻമാരെ കണ്ടു; അവരുടെ സ്വരവും ഞാൻ കേട്ടു. അവരുടെ എണ്ണം പതിനായിരങ്ങളുടെ പതിനായിരങ്ങളും ആയിരങ്ങളുടെ ആയിരങ്ങളും ആയിരുന്നു. ഉച്ചസ്വരത്തിൽ ഇവർ ഉദ്ഘോഷിച്ചു: കൊല്ലപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ആധിപത്യവും ബഹുമാനവും മഹത്വവും സ്തുതിയും സ്വീകരിക്കാൻ യോഗ്യനാണ്. സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കടിയിലും സമുദ്രത്തിലും ഉള്ള എല്ലാ സൃഷ്ടികളും ഇങ്ങനെ പറയുന്നതു ഞാൻ കേട്ടു; സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും ബഹുമാനവും മഹത്വവും ആധിപത്യവും. നാലു ജീവികളും ആമേൻ എന്നു പ്രതിവചിച്ചു. ശ്രേഷ്ഠൻമാർ സാഷ്ടാംഗംവീണ് ആരാധിച്ചു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** സകലത്തെയും സൃഷ്ടിച്ച കർത്താവ് ഉയിർത്തെഴുന്നേറ്റു; അവിടുന്ന് തന്റെ കൃപ എല്ലാവർക്കും പ്രദാനം ചെയ്തു - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (21 : 1- 19)

*(യേശു അപ്പവും മത്സ്യവും എടുത്ത് അവർക്കു കൊടുത്തു)*

അക്കാലത്ത്, യേശു തിബേരിയാസ് കടൽത്തീരത്തു വച്ച് ശിഷ്യൻമാർക്കു വീണ്ടും തന്നെത്തന്നെ വെളിപ്പെടുത്തി. അവൻ വെളിപ്പെടുത്തിയത് ഇപ്രകാരമാണ്: ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ രണ്ടു ശിഷ്യന്മാരും ഒരുമിച്ചിരിക്കുകയായിരുന്നു. ശിമയോൻ പത്രോസ് പറഞ്ഞു: ഞാൻ മീൻ പിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു: ഞങ്ങളും നിന്നോടു കൂടെ വരുന്നു. അവർ പോയി വള്ളത്തിൽ കയറി. എന്നാൽ, ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല. ഉഷസ്സായപ്പോൾ യേശു കടൽക്കരയിൽ വന്നു നിന്നു. എന്നാൽ, അതു യേശുവാണെന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോടു ചോദിച്ചു: കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം പറഞ്ഞു. അവൻ പറഞ്ഞു: വള്ളത്തിൻെറ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു. അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിൻെറ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ അവർക്കു കഴിഞ്ഞില്ല. യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പത്രോസിനോടു പറഞ്ഞു: അതു കർത്താവാണ്. അതു കർത്താവാണെന്നു കേട്ടപ്പോൾ ശിമയോൻ പത്രോസ് താൻ നഗ്നനായിരുന്നതുകൊണ്ടു പുറങ്കുപ്പായം എടുത്തു ധരിച്ചു കടലിലേക്കു ചാടി. എന്നാൽ, മറ്റു ശിഷ്യൻമാർ മീൻ നിറഞ്ഞ വലയും വലിച്ചുകൊണ്ടു വള്ളത്തിൽത്തന്നെ വന്നു. അവർ കരയിൽ നിന്ന് ഏകദേശം ഇരുനൂറു മുഴത്തിലധികം അകലെയല്ലായിരുന്നു. കരയ്ക്കിറങ്ങിയപ്പോൾ തീകൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു. യേശു പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ. ഉടനെ ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾ കൊണ്ടു നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയമ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല. യേശു പറഞ്ഞു: വന്നു പ്രാതൽ കഴിക്കുവിൻ. ശിഷ്യൻമാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻ മുതിർന്നില്ല; അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു; അതുപോലെ തന്നെ മത്സ്യവും. യേശു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ട ശേഷം ശിഷ്യൻമാർക്കു പ്രത്യക്ഷപ്പെടുന്നത് ഇതു മൂന്നാം പ്രാവശ്യമാണ്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

തയ്യാറാക്കിയത് : സി. ഹെലീന ആൽബി A. S. A.

**കാർമ്മികൻ :** പ്രിയ സഹോദരരെ, ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരമാകുന്ന തിരുസഭയിൽ അംഗങ്ങളായ നമുക്ക് അവിടുത്തെ ഉത്ഥാനം നൽകുന്ന പ്രത്യാശയിൽ നമ്മുടെ പ്രാർത്ഥനകളും, യാചനകളും പരമപിതാവിന്റെ മുമ്പിൽ സമർപ്പിക്കാം.

1. സ്നേഹപിതാവായ ദൈവമേ, അങ്ങേ അജഗണത്തെ നയിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഇടയന്മാരെയും അങ്ങേ തിരുഹൃദയത്തിൽ സമർപ്പിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞുകൊണ്ട് സഭാ മക്കളെ വിശ്വാസപാതയിൽ നയിക്കുവാൻ വേണ്ട പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ ഇവരുടെ മേൽ വർഷിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. പരിപാലകനായ ദൈവമേ, ഈ ദിവ്യബലിയിൽ പങ്കുചേരുന്ന ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. പലവിധ അസ്വസ്ഥതകളും, രോഗങ്ങളും ഞങ്ങളുടെ ജീവിതത്തിന്റെ താളം തെറ്റിക്കുമ്പോൾ ഈ ലോക ജീവിതം നശ്വരമാണെന്നും, സ്വർഗ്ഗരാജ്യം മാത്രമാണ് എന്നും നിലനിൽക്കുന്നതെന്നുമുള്ള ബോധ്യത്തിൽ തിന്മകളിൽ നിന്ന് അകന്ന് പ്രത്യാശയും പ്രതീക്ഷയും നിറഞ്ഞ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. നന്മയുടെ ഉറവിടമായ ദൈവമേ, എല്ലാ യുവജനങ്ങളെയും അനുഗ്രഹിക്കണമെ. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന താലന്തുകൾ തിരിച്ചറിഞ്ഞ് അവയെ പരമാവധി വർദ്ധിപ്പിക്കാനും, സഭയുടെയും ലോകത്തിന്റെയും നന്മയ്ക്കുവേണ്ടി വിനിയോഗിക്കുവാനും ദൈവം അനുഗ്രഹിച്ചു നൽകിയ കാലഘട്ടമാണ് യുവത്വം എന്ന തിരിച്ചറിവ് എല്ലാ യുവജനങ്ങൾക്കും നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ താതാ, തിരുക്കുടുംബത്തിൽ വിളങ്ങിയിരുന്ന സ്നേഹവും, സമാധാനവും, പരസ്പര ഐക്യവും ഞങ്ങളുടെ കുടുംബങ്ങളിലും പുലരുവാൻ ഇടയാക്കണമെ. ദൈവത്തിന്റെ ദാനമായ മക്കളെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുവാൻ എല്ലാ മാതാപിതാക്കളെയും, അവർക്ക് വിധേയരായി വളർന്ന് സമൂഹത്തിനും, കുടുംബത്തിനും നല്ല മാതൃകയായി തീരുവാൻ എല്ലാ മക്കളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെയും മരണത്തിന്റെയും അതിനാഥനായ ദൈവമേ, നിത്യതയിലേക്ക് വിളിക്കപ്പെട്ട എല്ലാ ആത്മാക്കളെയും, ശുദ്ധീകരണസ്ഥലത്ത് യാതന അനുഭവിക്കുന്നവരെയും അങ്ങേ കരുണയ്ക്കു മുൻപിൽ സമർപ്പിക്കുന്നു. അവർ ഈ ലോകത്തിലായിരുന്നപ്പോൾ ചെയ്തുപോയ എല്ലാ പാപങ്ങളും അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിച്ച് നിത്യസമ്മാനത്തിന് അവരെയും യോഗ്യരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ :** സ്നേഹ പിതാവേ, അങ്ങേ പ്രിയ മക്കളായ ഞങ്ങളോരോരുത്തരും അനുദിനം അങ്ങേ ദിവ്യസാന്നിദ്ധ്യം അനുഭവിച്ചറിയുവാനും, അങ്ങയോടുള്ള സ്നേഹത്തിൽ കൂടുതൽ ആഴപ്പെടാനും ഇടയാക്കണമെ.

ഞങ്ങളുടെ കർത്താവായ ........

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

അൾത്താരയിൽ മാലാഖവൃന്ദം
സ്തുതി പാടും സമയം
അണിചേർന്നീടാം അനുതാപമോടെ
അണയാമീ ബലിയിൽ (അൾത്താരയിൽ.......)

പങ്കുചേരാം അനുരഞ്ജിതരായ്
കുഞ്ഞാടിൻ ബലിവേദിയിൽ
ജീവനേകും അനുപമ സ്നേഹം
നുകരാം കൂദാശയിൽ (2)

സ്വർഗ്ഗം ഭൂവിലണയും
സ്നേഹാർപ്പണത്തിന്റെ സമയം
യാഗമാകാൻ ജീവനേകാൻ
മിശിഹാ അണയുന്നിതാ (2)

അന്നാ പെസഹാ കുഞ്ഞാടായ്
നാഥൻ തിരുഭോജ്യമായി
കാൽവരി മലയിൽ പരിപൂജ്യമാം
സ്നേഹം ബലിദാനമായി (2)
ഇന്നീ ബലിയിൽ നാഥനിലൊന്നായ്
ഞാനും മുറിയുന്നിതാ
പാവന സ്നേഹം പാരിൽ പകരാൻ
ജീവിതമേകുന്നിതാ (സ്വർഗ്ഗം..........)

### കാഴ്ചവയ്പ് ഗാനം

നിൻ സ്നേഹമലരിൻ
നൽ ത്യാഗമുണർത്തും
കാൽവരി യാഗമായ് തീർന്നിടും വേളയിൽ
ഞാനൊരു കാഴ്ച്ചയായ് വന്നിടാം (2)

ഈ നൽ യാഗപീഠം
നിൻ സ്വർഗ്ഗീയ ഗേഹം (2)
മുന്തിരി നീരതിൽ ചേരും നൽഭോജ്യമായ്
തീർന്നിടും ശാന്തിയിൻ വേദിയായ് (2)

നിൻ സ്വർഗ്ഗീയ രൂപം
ഞാൻ കാണുന്നു മുന്നിൽ (2)
നിൻ തിരു പൂജയിൽ നിത്യവും ചേർന്നിടാൻ
എന്നെ നിൻ കാഴ്ച്ചയായ് മാറ്റിടൂ (2) (നിൻ സ്നേഹ....)

### ദിവ്യകാരുണ്യ ഗാനം

ഈ കുർബ്ബാന അപ്പത്തിൽ ഈശോയെ കാണാൻ
ഹാ കൊതിയോടെ ഈശോയെ നിന്റേതായിടാൻ (2)
നീ അത്താഴമായ് എൻ അത്താണിയായ്
ദിവ്യകാരുണ്യമായെൻ കൂടെ വാഴുന്നു (2)
(ഈ കുർബാന......)

ഈശോയെ എൻ കൈയ്യിൽ ജീവൻ നീ തന്നൂ
ഈശോയെ നീയാവാൻ എന്നിൽ നീ ചേർന്നൂ(2)

എന്നെ നേടാൻ അപ്പമായി മാറിടും നേരം
ഉള്ളം തേടിയെന്റെ ഈശോ നെഞ്ചോളം താഴും (2)
കാത്തിരിക്കുമെന്നുള്ളം നീ പുൽമെത്തയാക്കി
ആനന്ദത്താലെന്നുള്ളിൽ ആരാധനയായി (2)
(ഈശോയെ........)

എല്ലാമേകാൻ ഓസ്തിയായ് നീ ഒപ്പമുണ്ടെങ്കിൽ
നിന്റെ കൂടെ എന്റെ യാത്ര എത്ര സുന്ദരം (2)
കൂദാശയായെൻ നാവിൽ നീ കുർബ്ബാനയായി
ദാഹിക്കുമെന്നുള്ളം നിൻ സക്രാരിയായി (2)
(ഈ കുർബാന......)

| May | വിശുദ്ധർ | വായനകൾ |
|---|---|---|
| 05 Mon | St. Hilary of Arles | Act 6: 8-15/ Ps 119: 23-24. 26-27. 29-30/ Jn 6: 22-29 |
| 06 Tue | St. Dominic Savio | Act 7: 51 -- 8: 1a/ Ps 31: 3cd-4. 6ab and 7b-8a. 17 and 21ab/ Jn 6: 30-35 |
| 07 Wed | St. Rose Venerini | Act 8: 1b-8/ Ps 66: 1-3a. 4-5. 6-7a/ Jn 6: 35-40 |
| 08 Thu | St. Peter of Tarantaise | Act 8: 26-40/ Ps 66: 8-9. 16-17. 20/ Jn 6: 44-51 |
| 09 Fri | St. Pachomius | Act 9: 1-20/ Ps 117: 1. 2/ Jn 6: 52-59 |
| 10 Sat | St. John De Avila | Act 9: 31-42/ Ps 116: 12-13. 14-15. 16-17/ Jn 6: 60-69 |




Sunday
**വെർബും ദോമിനി**യുടെ
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം**
**താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.